റിപ്പോർട്ട്

# ചക്കുംകണ്ടം: നഗരസഭയ്ക്കെതിരെ ഓംബുഡ്സ്മാൻ

**ചക്കുംകണ്ടത്ത്** ഗുരുവായൂർ നഗരസഭയിലെ മാലിന്യം നിക്ഷേപിക്കുന്നത് നിർത്തിവച്ച് ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ നടപടികൾ എടുക്കാത്തതിനെതിരെ ഓംബുഡ്സ്മാന്റെ രൂക്ഷവിമർശനവും കാരണംകാണിക്കൽ നോട്ടീസും. ശുചിത്വമിഷൻ തയ്യാറാക്കിയ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ ഓംബുഡ്സ്മാൻ സിറ്റിംഗിൽ നടപ്പാക്കാൻ ഓംബുഡ്സ്മാൻ നഗരസഭ സെക്രട്ടറിക്ക്



നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ ഇക്കാര്യത്തിൽ കാര്യമായ പുരോഗതിയൊന്നും നഗരസഭ നടത്തിയില്ല. മാലിന്യ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ ജില്ലാ കളക്ടറോട് അഭ്യർത്ഥിക്കും എന്നിങ്ങനെ തീരുമാനമെടുത്തതല്ലാതെ ഒന്നും ചെയ്തിട്ടില്ല. ഇക്കാര്യം നഗരസഭ സെക്രട്ടറി ഓംബുഡ്സ്മാനെ ധരിപ്പിച്ചു. ഇത് കാര്യമായ പുരോഗതിയല്ലെന്നും ചക്കംകണ്ടത്തിലെ മാലിന്യ നിക്ഷേപം നിർത്തണമെന്ന ഓംബുഡ്സ്മാന്റെ നിർദ്ദേശത്തോട് കടുത്ത അനാസ്ഥയാണ് നഗരസഭ കാട്ടിയതെന്നും ഓംബുഡ്സ്മാൻ വിലയിരുത്തി.

ചക്കുംകണ്ടത്തെ മാലിന്യ നിക്ഷേപം നിർത്തി, ശാസ്ത്രീയമായി മാലിന്യ നിർമ്മാർജ്ജനം നടത്തേണ്ടത് നഗരസഭയുടെ ചുമതലയാണ്. ഇക്കാര്യത്തിൽ ഒന്നും ചെയ്യാതെ ചക്കുംകണ്ടത്ത് മാലിന്യ നിക്ഷേപം തുടരുന്ന നഗരസഭയുടെ തീരുമാനം പുനപരിശോധിക്കണമെന്നും അല്ലാത്തപക്ഷം ദുർഭരണത്തിന് നടപടിയെടുക്കാതിരിക്കാൻ കാരണംകാണിയ്ക്കാനും നഗരസഭയോട് ഓംബുഡ്സ്മാൻ ഉത്തരവിട്ടു. കേസിന്റെ വിചാരണ ഡിസംബർ 20ന് നടക്കും.

കാർട്ടൂൺ — വി.എസ് ഗിരീശൻ

